# നല്ല ഭൂമിയെന്നാൽ...

**കെ.എസ്. പ്രമോദ്**

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി പഞ്ചായത്തിൽപ്പെട്ട വെട്ടിക്കുഴിയിൽ 1994-ലാണ് നല്ല ഭൂമി ആരംഭിക്കുന്നത്. മണ്ണും ഭൂമിയും ആകാശവും വിഷലിപ്തമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ എങ്ങനെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സഹവർത്തിത്വം സാധ്യമാക്കാം എന്ന സർച്ചിന്റെ അന്വേഷണമാണ് തുടക്കം.

ഈ ആശയത്തെ കേരളത്തിൽ ആദ്യ കൂട്ടുകൃഷി സംഘങ്ങളിലൊന്നായ ആനമല! കൂട്ടുകൃഷി സംഘം പിന്തുണച്ചു. അതോടെ നല്ല ഭൂമി എന്ന പരീക്ഷണത്തിനു തുടക്കമായി.

കോടശേരി മലയുടെ താഴ്‌വാരത്തുള്ള ആനമല കൂട്ടുകൃഷി സംഘത്തിന്റെ 165 ഏക്കറിൽ 10 ഏക്കറിലാണ് ജൈവകൃഷി തുടങ്ങിയത്. ധനസഹായം കൂട്ടുകൃഷി സംഘത്തിന്റേതായിരുന്നു. സ്ഥലം കണ്ടെത്തൽ, തൊഴിലാളികൾക്കുള്ള പരിശീലനം, കൃഷിഭൂമി അളന്നു തിട്ടപ്പെടുത്തി കൃഷികൾക്കായി വേർതിരിക്കൽ തുടങ്ങി സേർച്ച് ചിട്ടയോടെ പ്രവർത്തിച്ചു.

നിരന്തരമായ രാസവള കീടനാശിനി പ്രയോഗത്തിലൂടെ പാഴായ മണ്ണാണ് നല്ല ഭൂമി പദ്ധതിക്ക് ലഭിച്ചത്. ശ്രമകരമായ ദൗത്യം മണ്ണിന്റെ ജീവൻ വീണ്ടെടുക്കലായിരുന്നു. ആരോഗ്യകരമായ ഒരാവാസ വ്യവസ്ഥ സൃഷ്ടിച്ചെടുത്ത് കൃഷിയെ പരിപോഷിപ്പിക്കുകയായിരുന്നു ലക്ഷ്യം. മസനോബു ഫുക്കുവോക്കയുടെ ഒറ്റ വൈക്കോൽ വിപ്ലവത്തിൽനിന്ന് ഊർജ്ജം ഉൾകൊണ്ട് നല്ല ഭൂമി പ്രവർത്തകർ ജൈവകൃഷി പ്രാദേശികമായ മാറ്റങ്ങളോടെ പ്രയോഗിച്ചു. തൈകൾ നടാൻ മാത്രം മണ്ണിളക്കി. പുതയിടൽ (പുല്ലും ചപ്പുചവറുകളും ഇട്ട് ഭൂമിയെ പുതപ്പിക്കുക) നടത്തി.

ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും നല്ല ഭൂമി മാതൃകയാകുകയായി. അട്ടപ്പാടിയിലെ വരണ്ട മലയടിവാരത്ത് ഉറവക്ക് രൂപം കൊടുത്ത സാരംഗിന്റെ പിൻമുറക്കാരായി നല്ല ഭൂമി. മലമുകളിൽനിന്നുള്ള ഉറവകളിൽപ്പെട്ട ചാലുകൾ നല്ലഭൂമിയിലൂടെയാണ് ഒഴുകുന്നത്. വർഷത്തിൽ മാത്രം വെള്ളമുണ്ടാകാറുള്ള ഈ മൂന്നു ചാലുകളിലുംകൂടി 16 തടയണകൾ നിർമിക്കപ്പെട്ടു. കല്ലുകളും മണ്ണും ഉപയോഗിച്ചുള്ള ഭിത്തികൾക്ക് ബലം കൂട്ടാൻ രാമച്ചവും മുളയുമൊക്കെ ഈ ഭിത്തിക്കുമുകളിൽ വളർത്തി. വേനലിൽ വരണ്ടുകിടന്നിരുന്ന ഈ ഭൂമിക്ക് നനവ് നൽകിയത് ഈ തടയണകളാണ്. തടയണകൾ മണ്ണൊലിപ്പ് തടയുകയും ചെയ്തു.

ജലസംരക്ഷണം ലക്ഷ്യമാക്കി നല്ല ഭൂമിയിൽ 10 കാവുകൾ വളർത്തി. 10 സെന്റ് സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഓരോ കാവുകളും നല്ലഭൂമിയുടെ പാരിസ്ഥിതിക വ്യവസ്ഥയെ സംരക്ഷിച്ച് കുളിർമ്മയും മേൽമണ്ണിന് പോഷണവും നല്കുന്നു. നല്ല ഭൂമിയുടെ ഒരു ഭാഗം പൂർണമായി വനമാക്കി മാറ്റിയിരിക്കുകയാണ്.

ഔഷധ സസ്യങ്ങൾ, പച്ചക്കറികൾ, പൂക്കൾ, വിവിധ തരത്തിൽപ്പെട്ട വൃക്ഷങ്ങൾ, നാണ്യവിളകൾ... ഇന്ന് നല്ലഭൂമി സമ്പന്നമാണ്. കാഴ്ചയിലും ഉള്ളറിവുകളിലും. കേരളത്തിലൊട്ടാകെയുള്ള പരിസ്ഥിതി പ്രവർത്തകരുടേയും ജൈവകർഷകരുടേയും കാർഷിക വിദ്യാർഥികളുടേയും തീർത്ഥാടന കേന്ദ്രം കൂടിയായി ഇത്. നേചർ ക്ലബ്ബുകളുമായും സന്നദ്ധ സംഘടനകളുമായും സഹകരിച്ചുള്ള ക്യാമ്പുകളും പഠനങ്ങളിലും നല്ലഭൂമിയിൽ നടക്കുന്നു.

അഞ്ചുവർഷം പിന്നിട്ട നല്ല ഭൂമിയിൽനിന്ന് സെർച്ച് പിൻവാങ്ങിക്കഴിഞ്ഞു. ഇനിയുള്ള നടത്തിപ്പ് ആനമല കൂട്ടുകൃഷി സഹകരണ സംഘത്തിന്. പരിശീലനം നേടിയ തൊഴിലാളികളും ജൈവകൃഷി രീതികളോട് ആഭിമുഖ്യം പുലർത്തുന്ന കൂട്ടുകൃഷി സംഘത്തിന്റെ ഭാരവാഹികളും ചേർന്ന് നല്ല ഭൂമിയെ കേരളത്തിലെ മികച്ച ജൈവകൃഷി കേന്ദ്രങ്ങളിലൊന്നാക്കി മാറ്റുമെന്നാണ് സെർച്ചിന്റെ കണക്കുകൂട്ടൽ.

പ്രഖ്യാപിത ലക്ഷ്യത്തിലെത്തിക്കാൻ അഞ്ചുവർഷങ്ങൾക്കുള്ളിൽ നല്ലഭൂമിക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ആനമല കൂട്ടുകൃഷി സംഘത്തിന്റെ ശേഷിക്കുന്ന ഭൂമി ഉൾപ്പെടെ സമീപ പ്രദേശങ്ങളിലേക്ക് ജൈവകൃഷി വ്യാപിപ്പിക്കാൻ ഇനിയുമായിട്ടില്ല. പ്രാദേശികമായ ബോധവത്കരണം കാര്യമായി നടക്കാതെ പോയത് ഇതിന്റെ ന്യൂനതയാണ്. അതുകൊണ്ട്, നല്ലഭൂമിയെന്നാൽ വെട്ടിക്കുഴിക്കാർക്ക് പലർക്കും പാമ്പും തേളുമൊക്കെയുള്ള കാടുകയറിയ കൃഷിഭൂമിയാണ്.



ഫോട്ടോ: സുനിൽകുമാർ. കെ.വി. 'സപര്യ'